# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1527 06.03.2018 ൽ മറുപടിയ്ക്ക്

**മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിലോടുന്ന വാഹനങ്ങൾ**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന കാര്യം ഗതാഗത വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (എ) | പോണ്ടിച്ചേരിയിൽ റജിസ്റ്റർ ചെയ്ത വാഹനങ്ങൾ സംസ്ഥാനത്തു സ്ഥിരമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുമ്പോൾ ഇവിടെ എന്തെങ്കിലും നികുതി അടയ്ക്കേണ്ടതുണ്ടോ; | (ബി) | മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുമ്പോൾ, കേരളത്തിലെ ടാക്സേഷൻ നിയമപ്രകാരമുള്ള നികുതി അടയ്ക്കണം. |
| (സി) | ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യുതും കേസുകൾ എടുത്തിട്ടുള്ളതുമായ വാഹനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത് ടാക്സ് തട്ടിപ്പനടത്തിയതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ സംശയിക്കപ്പെടുന്ന 2357 വാഹനങ്ങളുടെ ഒരു പട്ടിക മോട്ടോർ വാഹന വകുപ്പ് തയാറാക്കിയിട്ടുണ്ട്. കേരളത്തിൽ സ്ഥിര/താൽകാലിക മേൽ വിലാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയോ, കേരളത്തിൽ നിന്നും വാഹന വായ്പ കരസ്ഥമാക്കിയിട്ടുള്ളതോ, കേരളത്തിലെ വാഹന വില്പനക്കാരിൽ നിന്നും വാങ്ങിയിട്ടുള്ളതോ ആയ വാഹനങ്ങൾ ഉൾകൊള്ളിച്ചാണ് പട്ടിക തയ്യാർ ചെയ്തത്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വാഹന ഉടമകൾക്ക് അതാതു ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. ആഫീസുകളിൽ നിന്നും നോട്ടീസ് നൽകി വരുന്നു. നിലവിൽ 877 വാഹന ഉടമകൾക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്ക് കേരളത്തിൽ നിശ്ചയിച്ചിരിക്കുന്ന ടാക്സ് അടയ്ക്കുന്നതിനും വാഹനം റീ രജിസ്റ്റർ ചെയ്യുന്നതിനും ഏപ്രിൽ 30 വരെ സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഇതുവഴി സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല വാഹന ഉടമകൾക്ക് നോട്ടീസ് അയച്ച് ക്ലിപ്തപ്പെടുത്തിയതിനു ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ. നിലവിൽ 154 വാഹന ഉടമകളിൽ നിന്നായി ₹141030683/- ടാക്സ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**